# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

## LMLPS KUTTANELLUR

# ആമുഖം

തൃശ്ശൂർ ജില്ലയിൽ കോർപ്പറേഷൻ
പരിധിയിൽ ഉൾപ്പെടുന്ന ഒരു കൊച്ചു ലോവർ
പ്രൈമറി വിദ്യാലയമാണ് എൽ.എം.പി. സ്കൂൾ
കുട്ടനെല്ലൂർ. വിദ്യാലയം സ്ഥിതി ചെയ്യുന്ന ഭൂമി
ശ്രീ. ഒല്ലൂർ കല്ലുക്കാരൻ കുഞ്ഞിപ്പാലുവറീത് ഇഷ്ട
ദാനമായി വരാപ്പുഴ എയഞ്ചൽ മേരി ആർച്ച്
ബിഷപ്പിന് ഒരു പള്ളി സ്ഥാപിക്കാനുള്ള
ആഗ്രഹത്തോട് കൂടി നൽകിയതാണ്. ദേവാലയം
നിലവിൽ വന്നതോടെ വിദ്യാഭ്യാസപരമായി പിന്നോക്ക
വസ്ഥയിലായിരുന്ന കുട്ടികളുടെ ആഗ്രഹപ്രകാരം
പള്ളിയിലുണ്ടായിരുന്ന രണ്ട് ബെഞ്ചസ് വിരി
ലെണ്ണാവുന്ന കുട്ടികളെ ഇരുത്തി പഠനം ആരം
ഭിച്ച ശേഷം വരാപ്പുഴ രൂപതയിലെ മേലധി
കാരികൾ 1926 ജൂൺ 2 ന് ലിസ്യൂ മലയാളം
ലോവർ പ്രൈമറി എന്ന നാമധേയത്തിൽ ഈ
വിദ്യാലയം സ്ഥാപിച്ചു. 2020 മാർച്ച് 1 ന്

പുതിയ വിദ്യാലയ കെട്ടിടം ഉദ്ഘാടനം
നിർവ്വഹിച്ചു. 2016 - ൽ വിദ്യാലയത്തിന്റെ
നവതി അത്യാകർഷകമായി പൂർവ്വ വിദ്യാർത്ഥി
കളുടെയും അധ്യാപകരുടെയും സഹകരണ
ത്തോടെ ആഘോഷിച്ചു. 2025-26 വിദ്യാലയ
ശതാബ്ദിയിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ
അക്കാദമിക വർഷം വിദ്യാലയത്തിൽ അതിവിപു
ലമായ പരിപാടികൾ ആസൂത്രണം ചെയ്തു
കൊണ്ടിരിക്കുകയാണ്.

സുശക്തമായ PTA കമ്മിറ്റി, ശതാബ്ദി
കമ്മിറ്റി വിദ്യാലയത്തിന് ഏറെ പിന്തുണ നൽകി
വരുന്നു. ഓരോ വർഷങ്ങൾ പിന്നിടുമ്പോൾ
വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി
കൊണ്ടിരിക്കുന്നു. LKG, UKG, ഒന്നാം ക്ലാസ് മുതൽ
നാലാം ക്ലാസ് വരെ എല്ലാ ക്ലാസിലും 30ൽ മുക
ളിൽ കുഞ്ഞുങ്ങൾ ഈ അധ്യയനവർഷം പഠി
ക്കുന്നത് അഭിമാനാർഹമായ ഒന്നാണ്. വിദ്യാലയ
ത്തിന്റെ നേതൃസ്ഥാനത്ത് നിസ്തുലസേവനം
നടത്തിവരുന്ന സുശക്തമായ കരം സ്നേഹ
ബഹുമാനപ്പെട്ട പ്രധാനാധ്യാപിക ശ്രീമതി സ്മിത

ടീച്ചറാണ്.

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കി അക്കാദമിക മികവോടെ പഠനപിന്തുണ സംവിധാനങ്ങളോടെ അതോടൊപ്പം കലാകായിക പാഠ്യേതരപ്രവർത്തനങ്ങളോടെ ഉപജില്ലാതലമത്സരങ്ങളിൽ തിളങ്ങാൻ കുട്ടികളെ പ്രാപ്തരാക്കാൻ മികവുറ്റ അധ്യാപകരാലും വിദ്യാലയം മുന്നേറിക്കൊണ്ടിരിക്കുന്നു.

# സ്കൂൾ പ്രൊഫൈൽ

സ്കൂളിന്റെ പേര് : എൽ. എം. എൽ. പി. എസ്.
കുട്ടനെല്ലൂർ

സ്ഥാപിതമായ വർഷം : 1926 ജൂൺ 2

പ്രധാനാധ്യാപികയുടെ
പേര് : ശ്രീമതി സ്മിത പോൾ. P.

ഫോൺനമ്പർ : 9447528826

സ്കൂൾ കോഡ് : 22420

സ്കൂൾ ഇ. മെയിൽ : lmlpschoolkuttanellur@gmail.co

സ്കൂൾ മാനേജർ : റവ. ഫാ. ഫ്രാൻസൻ കുരിശിങ്കൽ

ഫോൺനമ്പർ : 9495471996

സ്കൂൾ സ്ഥിതിചെയ്യുന്ന
വില്ലേജ് : ഒല്ലൂർ

ബ്ലോക്ക് : ഒല്ലൂക്കര

ബി. ആർ. സി : തൃശ്ശൂർ

ബി. ആർ. സി. കോഡിനേറ്റർ : ശ്രീമതി ഉഷ. കുമാരി

സ്കൂൾ ഉൾപ്പെടുന്ന ഡിവിഷൻ : 27

ഡിവിഷൻ കൗൺസിലർ : ശ്രീമതി. ശ്യാമള വേണുഗോപാൽ

സ്കൂളിലെ ആകെ വിദ്യാർത്ഥികൾ :

അധ്യാപകരുടെ എണ്ണം : 4

ആകെ ക്ലാസുകൾ :

## സ്കൂൾ ഭൗതികസാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്മുറി | 7 | |
| ടോയ്‌ലറ്റ് - For boys | 4 | |
| ടോയ്‌ലറ്റ് - For girls | 4 | |
| കിണർ | 1 | |
| ലൈബ്രറി | 1 | |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | ഉണ്ട് | |
| അടുക്കള | ഉണ്ട് | |
| കമ്പ്യൂട്ടർ ലാബ് | ഇല്ല | |
| സ്കൂൾ ബസ് | ഇല്ല | |
| സ്റ്റേജ് | ഉണ്ട് | |
| ലാപ്ടോപ്പ് | 5 | |
| പ്രൊജക്ടർ | 2 | |
| സൗണ്ട് സിസ്റ്റം | 1 | |
| സ്മാർട്ട് ടി. വി. | | |

# അധ്യാപകരും വിവരങ്ങളും
# 2025-26

| • ലോവർപ്രൈമറി അധ്യാപകർ | ക്ലബ് ചുമതല |
|---|---|
| സ്മിത പോൾ.പി. (HM) | പരിസ്ഥിതി ക്ലബ് |
| ജിനി ചാക്കോ | ശുചിത്വ ക്ലബ് |
| വിനി വിൻസന്റ് | വിദ്യാരംഗം |
| സേബ ജോസ് | ഗണിത ക്ലബ് |

പ്രീപ്രൈമറി അധ്യാപകർ

1. അനശ്വര . A.S
2. ജോയ്സി ജോസ്
3. ഗ്രീഷ്മ . ന. P.

# 2025-26 കർമ്മപദ്ധതികൾ

## ലക്ഷ്യങ്ങൾ

- ഭാഷാവികസനം
- അക്ഷരം, ചിഹ്നം ഉറപ്പിക്കൽ- അതാതു ക്ലാസിൽ ഭാഷയിൽ ഉറക്കേണ്ട ശേഷികൾ ഉറപ്പിക്കൽ
- രചനോത്സവം - ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളുടെ രചനകളുടെ പുസ്തകപ്രകാശനം
- Compulsory English communication in classes. Select Best English talkie from each class in every week.
- പൊതുവിജ്ഞാന ക്വിസ്
- അക്കാദമിക മികവുകളുടെ അവതരണം-അനുമോദി
- അബാക്കസ്, കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ജൂഡോ, ഡാൻസ്, PT പരിശീലനം
- സ്കൂൾ theme song അവതരണം-പ്രകാശനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

Std- 1

### പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : LMLPS Kuttanellur

ക്ലാസ് അധ്യാപികയുടെ
പേര് : വിനി വിൻസെന്റ്

ഒന്നാം ക്ലാസിലെ കുട്ടികളുടെ
എണ്ണം :

പ്രത്യേകപരിഗണന ആവശ്യ
മുള്ളവർ : ഇല്ല

ഗോത്രവിഭാഗത്തിൽപെടുന്നവർ : ഇല്ല

# പ്രവർത്തന ലക്ഷ്യങ്ങൾ

→ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും ഭാഷാ വികസനവുമായി ബന്ധപ്പെട്ട് അക്ഷരങ്ങൾ മനസിലാക്കി തെറ്റില്ലാതെ വായിക്കാനുള്ള കഴിവ് നേടുന്നു.

→ പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ, ചെറുവാക്യങ്ങൾ വായിക്കുന്നു. ആവർത്തിക്കുന്ന അക്ഷരങ്ങൾ കണ്ടെത്തി അക്ഷരം ഉറപ്പിക്കുന്നു.

→ ആശയാവതരണത്തിൽ നിന്നും അക്ഷരത്തിലേക്കും ഊന്നൽ പ്രവർത്തനങ്ങളിലേക്കും കുട്ടികളെ നയിക്കുന്നു.

→ പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ പിന്തുണാപ്രവർത്തനങ്ങൾ നൽകി അക്ഷരജ്ഞാനം ഉറപ്പിക്കാൻ പ്രാപ്തരാക്കുന്നു.

→ ഭാഷയുമായി ബന്ധപ്പെട്ട മികവാർന്ന പ്രവർത്തനങ്ങൾ ക്ലാസ്മുറികളിൽ നടത്തുന്നു.

→ മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുന്നു.

→ ഭാഷയുമായി ബന്ധപ്പെട്ട പാട്ടരങ്ങ്, വായനോത്സവം, രചനോത്സവം വഴി കുട്ടികളുടെ ഭാവന ഉണർത്തി സ്വതന്ത്രവായനക്കാരും സ്വതന്ത്ര രചയിതാക്കളുമായി മാറുന്നു.

→ പരിസരവും ചുറ്റുപാടും നിരീക്ഷിക്കുന്നതിനു ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രവൃത്തിപരിചയമേഖല കഴിവ് നേടിയെടുക്കാൻ കുട്ടികളെ സഹായിക്കുന്നു.

→ ഗണിതശേഷികളിൽ സങ്കലനം, വ്യവകലനം ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളിലൂടെ ശേഷികൾ ഉറപ്പിക്കുന്നു.

→ രക്ഷിതാക്കളുടെ പിന്തുണയോടെ ഫലപ്രദമായ സംയുക്തഡയറിയെഴുത്തിലൂടെ കുട്ടികളുടെ ചെറുവാക്യരചന നടത്തി ഭാഷാപരമായി മുന്നേറുന്നു.

→ സമഗ്രഗുണമേന്മാപദ്ധതിയുടെ ഭാഗമായി കുട്ടികളെ നിരന്തരവിലയിരുത്തൽ നടത്തി പ്രശ്നപരിഹാരവും മികവിന്റെ അവതരണം അസംബ്ലിയിൽ നടത്തുന്നു.

# പ്രവർത്തനകലണ്ടർ

| Sl. No. | പ്രവർത്തനം | നിർവ്വഹണകാലം |
|---|---|---|
| 1. | പ്രവർത്തനകലണ്ടർ | മെയ് |
| 2. | പാട്ടരങ്ങ്, ശില്പശാല | ജൂൺ - മാർച്ച് |
| 3. | മലയാളമധുരം | ജൂൺ - മാർച്ച് |
| 4. | രചനോത്സവം | സെപ്റ്റംബർ - മാർച്ച് |
| 5 | വായനോത്സവം | ജൂലായ് - മാർച്ച് |
| 6. | സംയുക്തഡയറി | സെപ്റ്റംബർ - മാർച്ച് |
| 7. | നിർമ്മാണശില്പശാല | സെപ്റ്റംബർ - മാർച്ച് |
| 8. | റീഡേഴ്സ് തീയറ്റർ | ജൂലായ് - മാർച്ച് |
| 9. | ക്ലാസ് പിടിഎ | എല്ലാ മാസവും |
| 10. | ക്ലാസ് പരീക്ഷ, മൂല്യനിർണ്ണയം | ജൂലായ് - മാർച്ച് |
| 11. | Learn Alphabets through phonic Sound | June - March |
| 12. | Word games, Rhymes Performing | June - March |
| 13. | Familiarise with words | June - March |

# അക്കാദമിക മാസ്റ്റർപ്ലാൻ - മേഖല

## മലയാളം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. | അവധിക്കാലപ്രവർത്തനങ്ങൾ, സന്മാർഗപാഠങ്ങൾ SRG യിൽ അവലോകനം | മെയ് അന്ത്യവാരം | അധ്യാപകർ | |
| 2. | ക്ലാസ് പിടിഎ | | | |
| 3. | കുട്ടികളിൽ അക്ഷരചിത്രങ്ങൾ, പാട്ടുകൾ വഴി കളികളിലൂടെ അക്ഷരമുറപ്പിക്കൽ | ജൂൺ | " | |
| 4. | കുട്ടികളിലെ പഠനനിലവാരം മനസ്സിലാക്കൽ, മുന്നറിവ് പരിശോധിക്കൽ, ഉണർത്തു പ്രവർത്തനങ്ങൾ നൽകൽ | ജൂൺ | | |

| | | | | |
|---|---|---|---|---|
| 5. | കുട്ടികളുടെ കലാവിദ്യാഭ്യാസം പാഠരംഗത്ത് സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | |
| 6. | ക്ലാസ് പിടിഎ - പാഠരംഗത്ത് അവതരണം | ജൂൺ - മാർച്ച് | ,, | |
| 7 | കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റി വായനോത്സവ പരിപാടി സംഘടിപ്പിക്കൽ ക്ലാസ് റൂം ലൈബ്രറി രൂപീകരിച്ച് വായനാക്കുറിപ്പുകൾ വായിച്ച് തുടങ്ങാം | ജൂൺ - മാർച്ച് | ,, | |
| 8. | കുട്ടികളും രക്ഷിതാക്കളും ചേർന്ന് കൊണ്ടുള്ള സംഘവായന ഭാവാത്മകമായുള്ള അവതരണം - ക്ലാസ്മുറി, അസംബ്ലി | സെപ്റ്റംബർ - മാർച്ച് | ,, | |

| | | | | |
|---|---|---|---|---|
| 9 | കുട്ടികളുടെ സമഗ്രവികാസനത്തിന്റെ ഭാഗമായി എല്ലാ മാസവും ക്ലാസ് ടെസ്റ്റുകൾ നടത്തൽ, മൂല്യനിർണയം നടത്തൽ. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക അക്ഷരപരിശീലനം | ജൂലായ് - മാർച്ച് | അധ്യാപകർ | |
| 10. | കഥോത്സവം - കേട്ട കഥകൾ ഭാവാത്മകമായി ക്ലാസ് റൂമിൽ അവതരിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ നവംബർ ഡിസംബർ | അധ്യാപകർ രക്ഷിതാക്കൾ | |
| 11. | സംയുക്തഡയറി എഴുത്ത് - മുൻവർഷങ്ങളിലെ ഡയറി പരിചയപ്പെടുത്തൽ ക്ലാസ് പിടിഎയിൽ. ചിത്രരചന ഡയറിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കൽ. | സെപ്റ്റംബർ - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ | |
| 12. | രചനോത്സവം - സ്വതന്ത്രരചന | ഡിസംബർ - മാർച്ച് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 13. | ഡയറി പ്രകാശനം<br>രചനകളുടെ പ്രകാശനം | ഫെബ്രുവരി | അധ്യാപകർ<br>SSG | 1000 |
| 14. | നിർമ്മാണശില്പശാല | സെപ്റ്റംബർ,<br>ഡിസംബർ<br>ഫെബ്രുവരി | അധ്യാപകർ<br>രക്ഷിതാക്കൾ | |

# Academic MasterPlan

## English

| Sl.No. | Objectives | Activities | Duration | Support |
|---|---|---|---|---|
| 1. | Providing opportunities to listen, English language through cartoon, story using Smart TV. | Display of English short cartoons and short films | twice in a month | Class Teacher |
| 2. | Speak English confidently in classroom | Let's talk game enrich vocabulary in children | June - March | Class Teacher |
| 3. | Learn English Alphabets and its phonic sound study letters through sound | Play phonic Sounds video & audio | June - July | Class Teacher |

| | | | | |
|---|---|---|---|---|
| 4. | Enable children in language games | Letter game<br>Spelling game<br>Word game<br>introducing in class room | July - March | Teacher |
| 5. | Listen to the narrations in text and respond in English by the support of teacher | Narration presentation with voice modulation<br>Give chance to children in roleplay | August - March | |
| 6. | Listen to Rhyme and act with it. | | | |
| 7. | Enable children to read simple sentences | Sentence card making<br>Jumbled card game | August - March | Teacher |
| 8. | Able to read conversation simple descriptions. | Presentation in groups | September - March | Teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

| Sl.No. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ഗണിതത്തിലെ അടിസ്ഥാന ശേഷി വിലയിരുത്തൽ പ്രവർത്തനങ്ങൾ | ജൂൺ | അധ്യാപിക | |
| 2. | വലുത്, ചെറുത്, കൂടുതൽ, കുറവ്, അടുത്ത്, അകലെ, ഉള്ളിൽ, പുറത്ത്, ഭാരം കൂടിയത് കുറഞ്ഞത് ചിത്രത്തിൽ നിന്നും കണ്ടെത്തൽ. | ജൂലായ | | |
| 3. | എണ്ണൽ സംഖ്യകൾ 1 – 10 വരെ സംഖ്യാബോധം ഉറപ്പിക്കൽ. കൂട്ടങ്ങളിൽ നിന്നും എണ്ണി എടുക്കൽ. മഞ്ചാടി സഞ്ചി പ്രവർത്തനം. ഈർക്കിൽ കൂട്ടങ്ങൾ. | ജൂലായ - ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| 4. | സംഖ്യാവ്യാഖ്യാനം - സംഖ്യാപാട്ടുകൾ, ചിത്രങ്ങൾ പ്രദർശനം വരയ്ക്കൽ | ജൂൺ - ജൂലൈ | | |
| 5. | ഗണിതശേഷികൾ - സങ്കലനം വ്യവകലനം - കൂട്ടങ്ങളിൽ നിന്ന് ചേർത്ത് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ | ആഗസ്റ്റ് - മാർച്ച് | | |
| 6. | ആഴ്ചയിലെ ദിവസങ്ങൾ, മാസങ്ങൾ, എന്നിവ തിരിച്ചറിഞ്ഞ് പറയൽ - ജന്മദിനമാസ മരം നിർമിക്കൽ. | ജനുവരി | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26.

Std : II

പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : LMLPS Kuttanellur.

ക്ലാസ് അധ്യാപിക : Smitha Paul. P.

രണ്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം : 29

പ്രത്യേക പരിഗണന ആവശ്യമുള്ളവർ : ഇല്ല.

ഗോത്ര വിഭാഗത്തിൽപെടുന്നവർ : ഇല്ല.

# പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- ആശയഗ്രഹണ വായന ഉറപ്പാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും പാടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ക്ലാസിലെ എല്ലാ കുട്ടികളും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാകുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടാനും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

- ഗണിതത്തിൽ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളുടെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്ന പരിഹാരം എന്നിങ്ങനെയുള്ള ശേഷികൾ ഉറപ്പിക്കുന്നു
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.
- 100 ൽ താഴെയുള്ള സംഖ്യകളിൽ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു
- To speak, Read and write English without any mistakes.
- To develop listening skills & reading skills.

അക്കാദമിക മാസ്റ്റർ പ്ലാൻ - മേഖല
മലയാളം.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | അവധിക്കാല പ്രവർത്തനങ്ങൾ, സമഗ്ര പാഠങ്ങൾ SRG യിൽ അവലോകനം | മെയ് ആദ്യ വാരം | അധ്യാപകർ | |
| 2 | ക്ലാസ് പി.ടി.എ. | | | |
| 3. | ചിത്രകാർഡുകൾ, ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ, വായന സാമഗ്രികൾ നിർമിക്കൽ | ജൂൺ | " | |
| 4 | ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | ജൂലൈ | " | |

| | | | | |
|---|---|---|---|---|
| | സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂലൈ | അധ്യാപകർ | |
| 5 | വീട്ടുലൈബ്രറി ഒരുക്കൽ, വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്ത് | രക്ഷിതാക്കൾ അധ്യാപകർ | |
| 6. | വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ, ചോദ്യങ്ങൾ ഉണ്ടാക്കൽ, രംഗാവിഷ്കാരം ചെയ്യൽ | സെപ്റ്റംബർ | അധ്യാപകർ | |
| 7 | വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ. | ഒക്ടോബർ | " | |
| 8. | കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. | നവംബർ | " | |

| | | | | |
|---|---|---|---|---|
| 9 | ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | ഡിസംബർ | | |
| 10 | കവിതാ പൂരണം, ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും, വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ | ജനുവരി | | |
| 11 | ഭാഷണം, ലേഖനം, എഴുത്ത് എന്നീ മേഖലകളിലെല്ലാം കുട്ടികളെ എത്തിച്ചുവെന്ന് ഉറപ്പു വരുത്തുന്നു. സ്വന്തമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ഫെബ്രുവരി | | |
| 12 | വ്യക്തിഗത രചനകൾ, പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ. | മാർച്ച് | | |

അക്കാദമിക മാസ്റ്റർ പ്ലാൻ - മേഖല: ഗണിതം.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1 | അവധിക്കാല പ്രവർത്തനങ്ങൾ, ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു. | മെയ് ആദ്യവാരം | അധ്യാപിക. | |
| 2. | പാറ്റേണുകളിലൂടെ സംഖ്യാബോധം കണ്ടെത്തൽ<br>ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകൽ | ജൂൺ | " | |
| 3 | ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉണ്ടാകൽ. രണ്ടക്ക സംഖ്യ രൂപീകരണം | ജൂലൈ | " | |

| | | | | |
|---|---|---|---|---|
| 4 | സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ. വിവിധ പാറ്റേണുകൾ രൂപീകരിക്കൽ. 99 നോട് 1 കൂട്ടിയാൽ 100 10 പത്തുകൾ ചേർന്നാൽ 100. 100 ഒന്നുകൾ ചേർന്നാൽ 100 | ഓഗസ്റ്റ് | അധ്യാപിക. | |
| 5 | ഗണിത കിറ്റ് നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ. വിലവിവരപ്പട്ടിക തയ്യാറാക്കൽ. ക്ലാസിലൊരു കട. സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു. | സെപ്റ്റംബർ | " | |
| 6. | സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | ഒക്ടോബർ | " | |

| | | | | |
|---|---|---|---|---|
| 7 | സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്) പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കറൻസിനോട്ടുകൾ പേപ്പർ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ. നോട്ടുകളും, നാണയങ്ങളും കൂട്ടി ചേർത്ത് സംഖ്യാ രൂപീകരണം. | നവംബർ [illegible] | രക്ഷിതാക്കൾ അധ്യാപിക | |
| 8. | സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ. | ഡിസംബർ | അധ്യാപിക | |

| | | | | |
|---|---|---|---|---|
| 9 | വിലവിവരപ്പട്ടിക തയ്യാറാക്കൽ, ലഘു സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജനുവരി | അധ്യാപിക | |
| 10. | ഗണിതവായനം നടത്തൽ, ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. | ഫെബ്രുവരി | " | |
| 11 | കലണ്ടർ പതിപ്പ് തയ്യാറാക്കൽ. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ കലണ്ടറിലെ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ. | മാർച്ച് | " | |

# Academic Master Plan.

## English.

| Sl No. | Objectives | Activities | Duration | Support |
|---|---|---|---|---|
| 1. | To develop listening skills & reading skills first. Listening skills. | Games, Action songs, Hello English activities, | June | Use ICT<br>class Teacher. |
| 2 | Reading skills, New paper reading, Rhyming words. | | July, ~~August~~ March. | |
| 3. | T.B activities | | | |
| 3. | (Cartoon display). Listening skills | Cartoon display. | Twice in a month. | SRG.<br>class teacher |
| 4 | Listening skills. | English Assembly. | Twice in a week. | " |

| Sl No | Objectives | Activities | Duration | Support |
|---|---|---|---|---|
| 5. | Speak English confidently in classroom. | Let's talk game. Vocabulary in children | June - March | class teacher |
| 6 | Learn English Alphabets and its phonic sound. | Play phonic sounds video and audio. | June - July. | " |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

Std - 3

## പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : LMLPS Kuttanellur

ക്ലാസ് അധ്യാപികയുടെ പേര് : Jeba. Jose

മൂന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണം : 35

പ്രത്യേക പരിഗണന ആവശ്യമുള്ളവർ :

ഗോത്രവിഭാഗത്തിൽപ്പെടുന്നവർ :

# ഗണിതം.

## ആമുഖം:-

ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ അതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് ഗണനയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ മൂല്യവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

## ലക്ഷ്യങ്ങൾ

-> കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്.

-> യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ഈ രീതി സഹായകരമാണ്.

-> അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ രീതി സഹായകരമാണ്.

→ ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 1000 വരെയുള്ള സംഖ്യകൾ പറയുക, എഴുതുക നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

→ അളവുകൾ മനസ്സിലാക്കാനും അവയുടെ പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്.

→ 9 വരെ സംഖ്യകളുടെ ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.

ജൂൺ, ജൂലായ്

1 രൂപങ്ങൾ വരക്കാം

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ
- തോരണം നിർമ്മാണം, തോണി നിർമ്മാണം
- ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കൽ

ജൂലായ്, ആഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി.
- 1-100 വരെ എഴുതിയ കാർഡുകൾ, കളിനോട്ടുകൾ

• 10 എണ്ണം വീതം കമ്പ് കെട്ടുകൾ, സംഖ്യാസ്ട്രിപ്പുകൾ

• അബാക്കസ് നിർമ്മാണം.

ആഗസ്റ്റ്, സെപ്റ്റംബർ

• പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

ഒക്ടോബർ

• സ്കെയിൽ നിർമ്മാണം

• കുട്ടികളുടെ ഉയരം, വണ്ണം, ഭാരം കണ്ടെത്തൽ

നവംബർ, ഡിസംബർ

• ഗുണന വസ്തുത കാർഡ് നിർമ്മാണം.

# മലയാളം

## ആമുഖം :-

കുട്ടികളുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ ഗുണങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളുള്ളതുമായ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

→ പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി ഒന്നു കുട്ടികൾ പഠിക്കാനും, സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

→ കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

→ രചനകൾ ഭാവാത്മകമായി വായിക്കും.

→ ആസ്വദിച്ച ഭാഷാരൂപങ്ങൾ (കഥ, കവിത, കടങ്കഥ, നാടൻപാട്ട്, പഴഞ്ചൊല്ല്... മുതലായവ) ഹൃദിസ്ഥമാക്കുകയും പറ്റിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

-> ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

-> കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ അവതരിപ്പിക്കും.

-> ലളിതമായ സംഭവങ്ങൾ വ്യക്തതയോടെ പറഞ്ഞു അവതരിപ്പിക്കും (വിവരണം, സംഭാഷണം)

## ഇതിനായി നടത്തുന്ന മുന്നൊരുക്കങ്ങൾ

ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം – ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥപ്പാട്ടുകൾ, പതിപ്പ്, കടങ്കഥപ്പയറ്റ്.
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം.
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം (ആൽബം)
- പാവ നാടകങ്ങൾ തയ്യാറാക്കാം - ശില്പശാല

ആഗസ്റ്റ്, സെപ്റ്റംബർ

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കിഴങ്ങുകൾ ധാന്യങ്ങൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം.

# English

Aim: To Speak, Read & write English without any mistakes.

June to March

To Check the vocabulary and writing skills of pupils.

Activities

June & July

- Pre test
- To develop listening skills and reading skills
- Listening skills - Games, Action songs
- Hello English Activities
- Conversations
- Skit stories
- Use ICT

Speaking skills -

- Identify the naming words from the Picture
- Identify the action words from the picture

. Make the simple sentences using the word about picture
- Make simple description about the picture
- Growing sentences, picture reading, self introductions.

August & September

• Develop the creative speaking and writing

Reading skills

- Books reading
- Find words
- Collect and read past tense
- Rhyming words
- TB Activities

Writing Skills

• Make word web
• Picture description
• Word chain
• Make words & sentencess
• Make riddles, conversations
• Add more lines

October and November

- To express thoughts, feelings etc

Reading skills

- Library book reading
- Conversations, Skit, stories, use ICT

Read notice

Develop story

Writing Skills

- Description
- Thoughts

December & January

- Develop the Creative speaking and writing.

Reading skills

- Library books reading
- Conversations, Skit Stories use ICT
- Develop story
- Reads diary

Writing skills

- Diary
- Announcement

# പരിസരപഠനം

ലക്ഷ്യങ്ങൾ

-> ശാസ്ത്രാവബോധം വളർത്തുക
-> പ്രകൃതി വിഭവ സംരക്ഷണം
-> ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ
-> വ്യക്തിശുചിത്വം, പരിസര ശുചിത്വം
-> റോഡ് സുരക്ഷ
-> സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ

ജൂൺ

- ചെടികൾ നിരീക്ഷിക്കുന്നു.
- പ്രകൃതി നടത്തം
- വിത്ത് മുളപ്പിക്കൽ
- വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.
- പരിസ്ഥിതി ദിനാചരണം.

ജൂലൈ

- വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം
- മണ്ണ് നിരീക്ഷണം
- ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം.

ഓഗസ്റ്റ്

- മഴമാപിനിനിർമ്മാണം
- ജലസംരക്ഷണ poster നിർമ്മാണം

- രക്ത നിർണ്ണയം.
- രക്തം കൊണ്ടുള്ള വ്യത്യസ്ത പരിശോധനകൾ
- ആരോഗ്യപടം തയ്യാറാക്കൽ.

സെപ്റ്റംബർ

- ശുചിത്വ Poster നിർമ്മാണം.
- സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ
- ആരോഗ്യ ബോധവൽക്കരണ ബോധവൽക്കരണ-സെമിനാർ
- Interview - ആരോഗ്യ പ്രവർത്തകർ.

ഒക്ടോബർ

- ഫിലിംസ്ട്രിപ്പ് - പയർ, പച്ചക്കറികൾ
- Food festival
- ഹെൽത്ത് ആരോഗ്യകാർഡ് - ഓരോകുട്ടിക്കും
- സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ
- ശരിയായ ഭക്ഷണശീലം - Poster

നവംബർ

- ആരോഗ്യവിദഗ്ധരുടെ ക്ലാസ്
- റോൾപ്ലേ - രോഗ നിർണ്ണയങ്ങൾ
- First aid kit തയ്യാറാക്കൽ
- സ്വയ സുരക്ഷ - ബോധവൽക്കരണം.

ഡിസംബർ

- പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനം globe, [illegible]
- ഗ്ലാസ് നിർമ്മാണം
- ദേശീയ പതാക വരയ്ക്കൽ

- ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ
- ഭൂപട വായന
- എന്റെ കേരളം - ചിത്രരചന, കുറിപ്പ്
- ഭൂപ്രകൃതി തിരിച്ചറിയൽ

ജനുവരി, ഫെബ്രുവരി

- ജീവികളുടെ കൂടുകൾ - ചിത്രശേഖരണം.
- വീട് നിർമാണ ഇടം സന്ദർശനം.
- വ്യത്യസ്ത തരം ജോലികൾ - survey
- Interview & field visit - റിപ്പോർട്ട് അവതരണം

മാർച്ച്

- പഠനോത്സവം.

2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ STD IV

## മലയാളം

LMLPS Kuttad

### മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം |
|---|---|---|
| ① ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേകപരിശീലനം നൽകുന്നു. ചിഹ്നം ഉറപ്പിക്കൽ കൂട്ടിവായന, പദവായന കേട്ട് എഴുതൽ. | ലക്ഷ്യം നേടുന്ന തുവരെ. |

### വായിക്കാം വളരാം.

| | | |
|---|---|---|
| വായന ശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി പുസ്തക പരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലികവായന | വർഷം മുഴുവൻ. |

### എഴുതാം തെളിയാം

| | | |
|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും, പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ. |

### എഴുത്തുകാരുമായി സംവദിക്കാൻ

| | | |
|---|---|---|
| ലേഖന ശേഷി വർധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി അഭിമുഖം തയ്യാറാക്കൽ പുസ്തകങ്ങൾ പരിചയപ്പെടൽ | ആവശ്യ സമയം. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം. |
|---|---|---|
| ഭാഷയറിയാം കൂട്ടറിയാം | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കാൻ, പ്രദർശിപ്പിക്കാൻ. | അതാത് പാഠസന്ദർഭങ്ങളിൽ |
| രുചിച്ചറിയാം | ഭക്ഷ്യമേള | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | പാചകക്കുറിപ്പ് നിർമ്മാണം ക്ലാസിലെ ഭക്ഷ്യ | പാഠഭാഗവുമായി ബന്ധപ്പെട്ട സന്ദർഭത്തിൽ |
| ഓർക്കാം അറിയിക്കാം. | | |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ. ദിനാചരണങ്ങൾ ബഷീർ ദിനം പി.എൻ പണിക്കർ ദിനം | ഓർമ്മദിനങ്ങൾ ആചരിക്കൽ അനുബന്ധ ഡോക്യുമെന്ററി പ്രദർശനം — പുസ്തക പരിചയം, നോവൽ- നാടകാവിഷ്കാരം ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ/ ജൂലൈ |
| കലക്കൂട്ട് | | |
| കലകൾ നേരിട്ടറിയൽ | കലകളെക്കുറിച്ച്, കലാകാരന്മാരെക്കുറിച്ച് അറിയൽ, കുറിപ്പ് തയ്യാറാക്കൽ ICT പ്രദർശനം ചുമർ പത്രിക. | ജനുവരി |
| സർഗോത്സവം. | | |
| ഭാഷാപഠനവുമായി ബന്ധപ്പെട്ട ശേഷികളുടെ അവതരണം. | മികവുത്സവം | ഫെബ്രുവരി മാർച്ച്. |

# AMP English Std IV

| Aim | Activity | time |
| --- | --- | --- |
| For reading, speaking, and writing English. | English Assembly [News, prayer G.k, puzzle in English] | 1 year. |
| English Diary<br>For writing English without mistakes | write Daily activities in English As a Diary | 1 year. |
| English theatre.<br>For writing English without mistakes Creative activities | Skit, drama Conversation story telling Add more time | 1 year. |
| English Magazine<br>Creative activity | prepration English class magazine including Childrens writings | one in three months. |
| Letters in English<br>Super English | special days activities informs their friends with letters. | once in a month. |

English Corner

| | | |
|---|---|---|
| for encouraging English reading | prepration of English reading Corner<br>Arranging time for reading English story Cards<br>achieve knowledge about writers and their books. | Once in a month |

English Test

| | | |
|---|---|---|
| increase Confidence of children in state activities and Assemble activities | performance of English Activities | Assemble all the y<br>English<br>Febru<br>Mar |

## അക്കാദമിക മാസ്റ്റർ പ്ലാൻ Std IV ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | സമയം. |
|---|---|---|
| **കളിക്കാം ഗണിക്കാം.**<br>ഗണിതപഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | വിവിധതരം കളികൾ ഉദാ ആനുപാതങ്ങൾ മൂല്യനിർണ്ണയം. (ഏണിയും പാമ്പും) ഡയസ് കളി സങ്കലനം വ്യവകലനം കച്ചവടകളി. | വർഷം മുഴുവൻ. |
| **ഒറിഗാമിയിലൂടെ പഠിക്കാം.**<br>ഗണിതശാസ്ത്രപഠനം രസകരമാക്കൽ [കര- ചലന ശേഷി വികാസനം.] | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | June/July. |
| **ഗണിതലാബ്**<br>ഗണിത പഠനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ . |
| **ഗണിതച്ചുമർ**<br>ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യത്തിരിച്ചറിയൽ . | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | ,, |
| **ഗണിതോപകരണ ശില്പശാല**<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകര[illegible] | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ [illegible] | ,, |

| | | |
|---|---|---|
| ഗണിതമേള. | ക്വിസ് | |
| ഗണിതശേഷികളുടെ പ്രകടനം. | പസിൽ<br>പാറ്റേൺ<br>പ്രണമൻ<br>പ്രശ്നങ്ങളുടെ<br>പ്രദർശനം | ഫെബ്രു<br>മാർച്ച് |

AMP പരിസരപഠനം std IV

| | | |
|---|---|---|
| **പ്രകൃതി നടത്തം.** | | |
| ലക്ഷ്യം | പ്രവർത്തനം | സമയം. |
| നിരീക്ഷണം അറിവുനിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് വിസിറ്റ് സംഘടിപ്പിക്കൽ. | പാഠഭാഗ സന്ദർഭമനുസരിച്ച്. |
| **ശാസ്ത്രമേള** | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ നിർമ്മിക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ |
| **ശാസ്ത്രയാത്ര.** | | |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേഖലകളിലെ പ്രദർശനങ്ങൾ എന്നിവ സന്ദർശിക്കൽ | പാഠഭാഗത്തിനനുസരിച്ച് |
| **ഭൂപടമൊരുക്കാം.** | | |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ. | ഭൂപടവായന/ ഭൂപടരചന/ സൂചികനിർമ്മാണം. | August |

# ശാസ്ത്ര വിസ്മയ ചുമർ

| | | |
|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | കൊല്ലം മുഴുവൻ |

## ശാസ്ത്രോത്സവം

| | | |
|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം/പരീക്ഷണം ഇവയുടെ പ്രദർശനം | നവംബ ഇൽ |

## ശാസ്ത്ര മാസിക.

| | | |
|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | മാ. |